## മധുരമായ കുട്ടികളെ - സർവ്വശക്തിവാനായ ബാബയുമായി യോഗം വെക്കുന്നതിലൂടെ ശക്തി ലഭിക്കുന്നു, ഓർമ്മയിലൂടെയാണ് ആത്മാവാകുന്ന ബാറ്ററി ചാർജ് ആവുന്നത്, ആത്മാവ് പവിത്രവും സതോപ്രധാനമായും മാറും

**ചോദ്യം:-** സംഗമയുഗത്തിൽ നിങ്ങൾ കുട്ടികൾ ഏതൊരു പുരുഷാർത്ഥമാണ് ചെയ്യുന്നത് ഏതിലൂടെയാണോ പ്രാലബ്ധമായി ദേവതാ പദവി ലഭിക്കുന്നത്?
**ഉത്തരം:-** സംഗമയുഗത്തിൽ നമ്മൾ ശീതളമായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ശീതളം അർത്ഥം പവിത്രമായി മാറുന്നതിലൂടെ നമ്മൾ ദേവതയായി മാറുന്നു. ഏതുവരെ ശീതളമായി മാറുന്നില്ലയോ അതുവരെ ദേവതയാകാൻ സാധിക്കില്ല. സംഗമയുഗത്തിൽ ശീതളാ ദേവിമാരായി ജ്ഞാനത്തിന്റെ തണുത്ത തുള്ളികൾ തളിച്ച് എല്ലാവരേയും ശീതളമാക്കി മാറ്റണം. എല്ലാവരുടേയും താപത്തെ ശമിപ്പിക്കണം. സ്വയം ശീതളമാവുകയും വേണം മററുള്ളവരെ ശീതളമാക്കുകയും വേണം.

**ഓം ശാന്തി**. കുട്ടികൾക്ക് ഏറ്റവുമാദ്യം ഒരേയൊരു കാര്യം മനസ്സിലാക്കണം അതായത് നമ്മൾ എല്ലാവരും സഹോദരങ്ങളാണ്, ശിവബാബ എല്ലാവരുടേയും അച്ഛനാണ്. ബാബയെ സർവ്വശക്തിവാൻ എന്നാണ് വിളിക്കുന്നത്. നിങ്ങളിൽ മുഴുവൻ ശക്തികളും ഉണ്ടായിരുന്നു. നിങ്ങൾ മുഴുവൻ വിശ്വത്തിലുമായി രാജ്യം ഭരിച്ചിരുന്നു. ഭാരതത്തിൽ ഈ ദേവീ ദേവതകളുടെ രാജ്യമുണ്ടായിരുന്നു, നിങ്ങൾ തന്നെയായിരുന്നു പവിത്രമായ ദേവീ ദേവതകൾ. നിങ്ങളുടെ കുലം അഥവാ പരമ്പരയിൽ എല്ലാവരും നിർവ്വികാരികളായിരുന്നു. ആരാണ് നിർവ്വികാരികളായിരുന്നത്? ആത്മാക്കൾ. ഇപ്പോൾ വീണ്ടും നിങ്ങൾ നിർവ്വികാരികളായി മാറുകയാണ്. സർവ്വശക്തിവാനായ ബാബയുടെ ഓർമ്മയിലൂടെ ശക്തി എടുക്കുകയാണ്. ബാബ മനസ്സിലാക്കിത്തന്നു ആത്മാവ് തന്നെയാണ് 84 ജന്മങ്ങളുടെ പാർട്ട് അഭിനയിക്കുന്നത്. ആത്മാവിൽ തന്നെയായിരുന്നു സതോപ്രധാനതയുടെ ശക്തിയുണ്ടായിരുന്നത്, അത് പിന്നീട് ദിനംപ്രതിദിനം കുറഞ്ഞ് വന്നു. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറുകതന്നെ വേണം. എങ്ങനെയാണോ ബാറ്ററിയുടെ ചാർജ് കുറയുമ്പോൾ മോട്ടോർ നിൽക്കുന്നത്. ബാറ്ററി ഡിസ്ചാർജ് ആവുന്നു. ആത്മാവിന്റെ ബാറ്ററി പൂർണ്ണമായും ഡിസ്ചാർജ് ആവില്ല, എന്തെങ്കിലും കുറച്ച് ശക്തി അവശേഷിക്കും. ആരെങ്കിലും മരിക്കുകയാണെങ്കിൽ ദീപം കത്തിച്ചുവെയ്ക്കും, അത് അണഞ്ഞുപോകാതിരിക്കാൻ നെയ്യ് ഒഴിച്ചുകൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നിങ്ങളുടെ ആത്മാവിൽ മുഴുവൻ ശക്തിയും ഉണ്ടായിരുന്നു, ഇപ്പോഴില്ല. ഇപ്പോൾ വീണ്ടും നിങ്ങൾ സർവ്വശക്തിവാനായ ബാബയുമായി തന്റെ ബുദ്ധിയോഗം യോജിപ്പിക്കുന്നു, തന്റെയുള്ളിൽ ശക്തികൾ നിറയ്ക്കുന്നു എന്തുകൊണ്ടെന്നാൽ ശക്തി കുറഞ്ഞിരിക്കുന്നു. ശക്തി പൂർണ്ണമായും ഇല്ലാതായാൽ പിന്നെ ശരീരവും ഉണ്ടാകില്ല. ആത്മാവ് ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് പൂർണ്ണമായും പവിത്രമായി മാറുന്നു. സത്യയുഗത്തിൽ നിങ്ങളുടെ ബാറ്ററി ഫുൾ ചാർജ്ജായിരിക്കും. പിന്നീട് പതുക്കെ പതുക്കെ കല അർത്ഥം ബാറ്ററി കുറഞ്ഞുവരുന്നു. കലിയുഗത്തിന്റെ അവസാനമാകുമ്പോൾ ആത്മാവിന്റെ ശക്തി വളരെ കുറവാകും. ശക്തിയുടെ കാര്യത്തിൽ പാപ്പരാകും. ബാബയെ ഓർമ്മിക്കുന്നതിലൂടെ ആത്മാവ് വീണ്ടും നിറയുന്നു. അതിനാൽ ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുകയാണ് ഒരാളെ മാത്രം ഓർമ്മിക്കണം. ഉയർന്നതിലും ഉയർന്നതാണ് ഭഗവാൻ. ബാക്കിയെല്ലാം രചനകളാണ്. രചനയ്ക്ക് രചനയിൽ നിന്നും പരിധിയുള്ള സമ്പത്താണ് ലഭിക്കുന്നത്. രചയിതാവ് ഒരേയൊരു പരിധിയില്ലാത്ത ബാബയാണ്. ബാക്കി എല്ലാവരും പരിധിയുള്ളതാണ്. പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുന്നതിലൂടെ പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. അതിനാൽ കുട്ടികൾ ഉള്ളിൽ ഹൃദയംകൊണ്ട് മനസ്സിലാക്കണം ബാബ നമുക്കായി പുതിയ ലോകമാകുന്ന സ്വർഗ്ഗം സ്ഥാപിക്കുകയാണ്. ഡ്രാമാപ്ലാൻ അനുസരിച്ച് സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാവുകയാണ്, ഇതിൽ നിങ്ങൾ കുട്ടികൾ തന്നെയാണ് വന്ന് രാജ്യം ഭരിക്കുന്നത്. ഞാൻ സദാ പവിത്രമാണ്. ഞാൻ ഒരിയ്ക്കലും ഗർഭത്തിലൂടെ ജന്മമെടുക്കുന്നില്ല, ദേവീ ദേവതകളെപ്പോലെയും ജന്മമെടുക്കുന്നില്ല. കേവലം നിങ്ങൾ കുട്ടികൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നതിനായി ബ്രഹ്മാബാബയ്ക്ക് 60 വയസ്സായി വാനപ്രസ്ഥ അവസ്ഥയിലെത്തുമ്പോൾ ഇദ്ദേഹത്തിന്റെ ശരീരത്തിൽ പ്രവേശിക്കുന്നു. ഇവർ തന്നെയാണ് പിന്നീട് നമ്പർവൺ തമോപ്രധാനത്തിൽ നിന്നും നമ്പർവൺ സതോപ്രധാനമായി മാറുന്നത്. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. പിന്നീട് ബ്രഹ്മാ, വിഷ്ണു, ശങ്കരൻ-സൂക്ഷ്മവതനവാസികൾ. ഈ ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ എവിടെ നിന്നു വന്നു? കേവലം ഇവരുടെ സാക്ഷാത്ക്കാരമുണ്ടാകുന്നു. സൂക്ഷ്മവതനം നടുവിലല്ലേ. അവിടെ സ്ഥൂലശരീരമില്ല. സൂക്ഷ്മ ശരീരം ദിവ്യദൃഷ്ടിയിലൂടെ മാത്രമേ കാണാൻ സാധിക്കൂ. ബ്രഹ്മാവ് വെള്ള വസ്ത്രധാരിയാണ്. വിഷ്ണു വജ്രങ്ങളും ആഭരണങ്ങളും കൊണ്ട് അലങ്കൃതമാണ്. പിന്നെ ശങ്കരന്റെ കഴുത്തിൽ സർപ്പം മുതലായവയെ കാണിക്കു

ന്നു. ഇങ്ങനെയുള്ള ശങ്കരൻ ഉണ്ടാവുക എന്നത് സാധ്യമല്ല. അമർനാഥിൽ ശങ്കരൻ പാർവ്വതിയ്ക്ക് അമര കഥ കേൾപ്പിച്ചതായി കാണിക്കുന്നു. ഇപ്പോൾ സൂക്ഷ്മ വതനത്തിൽ മനുഷ്യ സൃഷ്ടിയില്ല. എങ്കിൽ അവിടെ എങ്ങനെ കഥ കേൾപ്പിക്കും? ബാക്കി സൂക്ഷ്മവതനത്തിന്റെ സാക്ഷാത്ക്കാരം മാത്രമാണ് ഉണ്ടാകുന്നത്. ആരാണോ പൂർണ്ണമായും പവിത്രമായി മാറുന്നത് അവരുടെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ഇവർ തന്നെയാണ് പിന്നീട് സത്യയുഗത്തിൽ ചെന്ന് അധികാരിയാകുന്നത്. അതിനാൽ ബുദ്ധിയിൽ വരണം ഇവർ വീണ്ടും ഈ രാജ്യഭാഗ്യം എങ്ങനെ നേടി? യുദ്ധമൊന്നും ഉണ്ടാകില്ല. ദേവതകൾ എങ്ങനെ ഹിംസ ചെയ്യും? ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിച്ച് രാജപദവി നേടുന്നു, ആര് അംഗീകരിച്ചാലും ഇല്ലെങ്കിലും ശരി. ഗീതയിലും ഉണ്ട് ദേഹസഹിതം ദേഹത്തിന്റെ സർവ്വധർമ്മങ്ങളേയും മറന്ന് എന്നെ മാത്രം ഓർമ്മിക്കൂ. ബാബയ്ക്കാണെങ്കിൽ മമത്വമുണ്ടാകാൻ ദേഹമില്ല. ബാബ പറയുന്നു– അല്പ സമയത്തിലേയ്ക്കായി ഈ ശരീരം ലോൺ എടുക്കുകയാണ്. ഇല്ലെങ്കിൽ ഞാൻ എങ്ങനെ ജ്ഞാനം നൽകും? ഞാൻ ഈ വൃക്ഷത്തിന്റെ ചൈതന്യ ബീജരൂപമാണ്. ഈ വൃക്ഷത്തിന്റെ ജ്ഞാനം എന്റെ പക്കൽ മാത്രമേയുള്ളൂ. ഈ സൃഷ്ടിയുടെ ആയുസ്സ് എത്രയാണ്? ഉത്പത്തിയും പാലനയും വിനാശവും എങ്ങനെ ഉണ്ടാകുന്നു? മനുഷ്യർക്ക് ഒന്നും അറിയില്ല. അവർ പഠിക്കുന്നത് പരിധിയുള്ള പഠിപ്പാണ്. ബാബയാണെങ്കിൽ പരിധിയില്ലാത്ത പഠിപ്പ് പഠിപ്പിച്ച് കുട്ടികളെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുന്നു.

ഒരിയ്ക്കലും ദേഹധാരിയായ മനുഷ്യരെ ഭഗവാൻ എന്നു വിളിക്കാൻ സാധിക്കില്ല. ഇവർക്കും (ബ്രഹ്മാ വിഷ്ണു ശങ്കരന്മാർ) സ്വന്തമായി സൂക്ഷ്മ ശരീരമുണ്ട് അതിനാൽ ഇവരേയും ഭഗവാൻ എന്ന് വിളിക്കാൻ സാധിക്കില്ല. ഈ ശരീരമാണെങ്കിൽ ബ്രഹ്മാവിന്റെ ആത്മാവിന്റെ ഇരിപ്പിടമാണ്. അകാലസിംഹാസനമല്ലേ. ഇപ്പോൾ ഇത് അകാലമൂർത്തിയായ ബാബയുടെ സിംഹാസനമാണ്. അമൃതസറിലും അകാലസിംഹാസനം ഉണ്ട്. വലിയ വലിയവർ അവിടെ അകാലസിംഹാസനത്തിൽ ചെന്നിരിക്കും. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ഇതെല്ലാം ആത്മാക്കളുടെ അകാലസിംഹാസനമാണ്. ആത്മാവിൽ തന്നെയാണ് നല്ലതോ മോശമോ ആയ സംസ്ക്കാരം ഉണ്ടാകുന്നത്, അതിനാലാണ് ഇത് കർമ്മഫലമാണ് എന്ന് പറയുന്നത്. സർവ്വ ആത്മാക്കളുടേയും പിതാവ് ഒരാളാണ്. ബാബ ഏതെങ്കിലും ശാസ്ത്രം പഠിച്ചിട്ടല്ല മനസ്സിലാക്കിത്തരുന്നത്. ഈ കാര്യങ്ങളൊന്നും ശാസ്ത്രങ്ങളിലില്ല അതിനാലാണ് മനുഷ്യർ ആശയക്കുഴപ്പത്തിലാകുന്നത്, പറയുന്നു ഇവർ ശാസ്ത്രങ്ങളെ അംഗീകരിക്കുന്നില്ല. സാധു സന്യാസിമാർ ഗംഗയിൽ ചെന്ന് സ്നാനം ചെയ്യുന്നതിനാൽ എന്താ അവർ പാവനമായി മാറിയോ? ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല. എല്ലാവരും അവസാനം പോകും. എങ്ങനെയാണോ കൊതുകിൻ കൂട്ടം പോകുന്നത് അല്ലെങ്കിൽ തേനീച്ചക്കൂട്ടം പോകുന്നത് അതുപോലെ. തേനീച്ചയിലും റാണിയുണ്ടാകും, അതിന് പിറകെ എല്ലാവരും പോകും, ബാബ പോകുമ്പോൾ ബാബയുടെ പിറകെ ബാക്കി ആത്മാക്കൾ എല്ലാവരും പോകും. മൂലവതനത്തിലും ആത്മാക്കളുടെ കൂട്ടമാണ്. ഇവിടെയാണെങ്കിൽ എല്ലാം മനുഷ്യരുടെ കൂട്ടമാണ്. അതിനാൽ ഈ കൂട്ടവും ഒരു ദിവസം പറക്കും. ബാബ വന്ന് സർവ്വ ആത്മാക്കളേയും കൊണ്ടുപോകും. ശിവന്റെ വിവാഹഘോഷയാത്രയെക്കുറിച്ച് പാടിയിട്ടുണ്ട്. ആൺകുട്ടികളെന്നോ പെൺകുട്ടികളെന്നോ പറഞ്ഞോളൂ. ബാബ വന്ന് കുട്ടികൾക്ക് ഓർമ്മയുടെ യാത്ര പഠിപ്പിച്ചുതരികയാണ്. പവിത്രമായി മാറാതെ ആത്മാവിന് വീട്ടിലേയ്ക്ക് തിരിച്ചുപോകാൻ സാധിക്കില്ല. പവിത്രമായി മാറുമ്പോൾ ആദ്യം ശാന്തിധാമത്തിലേയ്ക്ക് പോകും പിന്നീട് അവിടെനിന്ന് പതുക്കെ–പതുക്കെ വന്നുകൊണ്ടിരിക്കും, വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. രാജധാനി ഉണ്ടാകണമല്ലോ. എല്ലാവരും ഒരുമിച്ച് വരില്ല. വൃക്ഷം പതുക്കെ പതുക്കെ വൃദ്ധി പ്രാപിക്കുന്നു. ആദ്യമാദ്യം ബാബ സ്ഥാപിച്ച ആദി സനാതന ദേവീദേവതാ ധർമ്മമാണ് ഉണ്ടാകുന്നത്. ആർക്കാണോ ദേവതയായി മാറേണ്ടത് അവരാണ് ആദ്യമാദ്യം ബ്രാഹ്മണനായി മാറുന്നത്. പ്രജാപിതാ ബ്രഹ്മാവുണ്ടല്ലോ. പ്രജകളിലും സഹോദരി സഹോദരന്മാരായി മാറുന്നു. ബ്രഹ്മാകുമാരന്മാരും കുമാരിമാരും ഇവിടെ ഒരുപാടുണ്ട്. തീർച്ചയായും നിശ്ചയബുദ്ധികളായിരിക്കും അതിനാലല്ലേ ഇത്രയും മാർക്ക് വാങ്ങുന്നത്. നിങ്ങളിലും ആരാണോ പക്കയായിട്ടുള്ളത് അവർ അവിടെ ആദ്യം വരും, പാകമാകാത്തവർ അവസാനമാണ് വരുന്നത്. മൂലവതനത്തിൽ എല്ലാ ആത്മാക്കളും വസിക്കുന്നു പിന്നീട് താഴേയ്ക്ക് വരുമ്പോൾ വൃദ്ധി പ്രാപിക്കുന്നു. ശരീരമില്ലാതെ ആത്മാവ് എങ്ങനെ പാർട്ട് അഭിനയിക്കും? ഇത് പാർട്ടുധാരികളുടെ ലോകമാണ് അവർ നാലുയുഗങ്ങളിലും കറങ്ങിക്കൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ നമ്മൾ ദേവതകളായിരുന്നു പിന്നീട് നമ്മൾ തന്നെ ക്ഷത്രിയരും വൈശ്യരും ശൂദ്രരുമായി മാറുന്നു. ഇപ്പോൾ ഇത് പുരുഷോത്തമ സംഗമയുഗമാണ്. ബാബ വരുമ്പോൾ ഇപ്പോൾ മാത്രമാണ് ഈ യുഗം ഉണ്ടാകുന്നത്. ഇപ്പോൾ ഈ പരിധിയില്ലാത്ത ജ്ഞാനം പരിധിയില്ലാത്ത ബാബയാണ് നൽകുന്നത്. ശിവബാബയ്ക്ക് ശരീരത്തിന്റേതായി ഒരു പേരുമില്ല. ഈ ശരീരം ഈ ദാദായുടേതാണ്. ബാബ കുറച്ച് സമയത്തേയ്ക്കായി ഇത് ലോൺ എടുത്തിരിക്കുകയാണ്. ബാബ പറയുന്നു എനിക്ക് നിങ്ങളോട് സംസാരിക്കാനായി മുഖം ആവശ്യമാണല്ലോ. മുഖമില്ലെങ്കിൽ അച്ഛന് കുട്ടികളോട് സംസാരിക്കാൻ സാധിക്കില്ല. പിന്നീട് പരിധിയില്ലാത്ത ജ്ഞാനവും ഈ മുഖത്തിലൂടെയാണ് കേൾപ്പി

ക്കുന്നത്, അതിനാലാണ് ഇതിനെ ഗൗമുഖം എന്നു പറയുന്നത്. പർവ്വതങ്ങളിൽ എവിടെ നിന്നു വേണമെങ്കിലും ജലം ഒഴുകാവുന്നതാണ്. പിന്നെ ഇവിടെ ഗൗമുഖം ഉണ്ടാക്കിയിരിക്കുന്നു, അതിൽ നിന്നും ജലം വരുന്നുണ്ട്. പിന്നീട് അതിനെ ഗംഗാജലമെന്ന് കരുതി കുടിക്കുന്നു. ആ ജലത്തിന് എത്ര മഹത്വമാണ് കല്പിക്കുന്നത്. ഈ ലോകത്തിൽ എല്ലാം അസത്യമാണ്. സത്യം ഒരു ബാബ മാത്രമാണ് കേൾപ്പിക്കുന്നത്. പിന്നീട് അസത്യം നിറഞ്ഞ മനുഷ്യർ ബാബയുടെ ഈ ജ്ഞാനത്തെ അസത്യമെന്ന് കരുതുന്നു. ഭാരതത്തിൽ എപ്പോഴാണോ സത്യയുഗമുണ്ടായിരുന്നത് അപ്പോൾ ഇതിനെ സത്യഖണ്ഡം എന്നാണ് പറഞ്ഞിരുന്നത്. പിന്നീട് ഭാരതം തന്നെ പഴയതാകുമ്പോൾ ഓരോ കാര്യവും ഓരോ വസ്തുവും അസത്യമാകുന്നു. എത്ര വ്യത്യാസം വരുന്നു. ബാബ പറയുന്നു നിങ്ങൾ എന്റെ എത്ര ഗ്ലാനി ചെയ്തു. സർവ്വവ്യാപിയാണെന്ന് പറഞ്ഞ് എത്ര അപമാനിക്കുന്നു. ഈ പഴയലോകത്തിൽ നിന്നും കൊണ്ടുപോകൂ എന്നു പറഞ്ഞാണ് ശിവബാബയെ വിളിക്കുന്നതുതന്നെ. ബാബ പറയുന്നു എന്റെ മുഴുവൻ കുട്ടികളും കാമചിതയിൽ ഇരുന്ന് ദരിദ്രരായി മാറി. ബാബ കുട്ടികളോട് പറയുന്നു നിങ്ങൾ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നില്ലേ. സ്മൃതിയിൽ വരുന്നുണ്ടോ? കുട്ടികൾക്കുതന്നെയാണ് മനസ്സിലാക്കിത്തരുന്നത്, മുഴുവൻ ലോകത്തിനും മനസ്സിലാക്കിക്കൊടുക്കില്ല. കുട്ടികൾ മാത്രമാണ് അച്ഛനെ മനസ്സിലാക്കുന്നത്. ലോകം ഈ കാര്യങ്ങൾ എന്ത് അറിയാനാണ്!

വളരെ വലിയ മുള്ള് കാമത്തിന്റേതാണ്. പേരുതന്നെ പതിതലോകം എന്നാണ്. സത്യയുഗം 100 ശതമാനം പവിത്രമായ ലോകമാണ്. മനുഷ്യർ തന്നെയാണ് പവിത്രമായ ദേവതകൾക്കുമുന്നിൽ ചെന്ന് നമസ്ക്കരിക്കുന്നത്. സസ്യഭുക്കായിട്ടുള്ള ഒരുപാട് ഭക്തരുണ്ട് പക്ഷേ അവർ വികാരത്തിലേയ്ക്ക് പോകുന്നില്ല എന്നല്ല. ഒരുപാട് ബാലബ്രഹ്മചാരികളും ഇങ്ങനെ ഉണ്ട്. ചെറുപ്പത്തിൽ മോശമായ ഒരു ഭക്ഷണവും കഴിക്കില്ല. സന്യാസിയും പറയുന്നു നിർവ്വികാരിയായി മാറൂ. വീടിനെ സന്യസിക്കുന്നു പിന്നീട് അടുത്ത ജന്മത്തിലും ഏതെങ്കിലും ഗൃഹസ്ഥിയുടെ പക്കൽ ജന്മമെടുക്കും വീണ്ടും വീട് ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോകും. പക്ഷേ എന്താ പതിതത്തിൽ നിന്നും പാവനമാകാൻ സാധിക്കുമോ? ഇല്ല. പതിത പാവനനായ ബാബയുടെ ശ്രീമതമില്ലാതെ ആർക്കും പതിതത്തിൽ നിന്നും പാവനമായി മാറാൻ സാധിക്കില്ല. ഭക്തി താഴേയ്ക്ക് ഇറങ്ങുന്ന കലയ്ക്കുള്ള മാർഗ്ഗമാണ്. പിന്നീട് എങ്ങനെ പാവനമാകും? പാവനമായാൽ പിന്നെ വീട്ടിലേയ്ക്ക് പോകണം, സ്വർഗ്ഗത്തിലേയ്ക്ക് വരണം. സത്യയുഗത്തിലെ ദേവീ ദേവതകൾ എന്താ എപ്പോഴെങ്കിലും വീട് ഉപേക്ഷിക്കുന്നുണ്ടോ? അവരുടേത് പരിധിയുള്ള സന്യാസമാണ്, നിങ്ങളുടേത് പരിധിയില്ലാത്ത സന്യാസമാണ്. മുഴുവൻ ലോകം, മിത്ര സംബന്ധികൾ മുതലായ എല്ലാത്തിന്റേയും സന്യാസം. നിങ്ങൾക്കായി ഇപ്പോൾ സ്വർഗ്ഗത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ബുദ്ധി സ്വർഗ്ഗത്തിനുനേരെയാണ്. മനുഷ്യരാണെങ്കിൽ നരകത്തിൽ തന്നെ കുടുങ്ങിയിരിക്കുകയാണ്. നിങ്ങൾ കുട്ടികൾ പിന്നെ ബാബയുടെ ഓർമ്മയിൽ കുടുങ്ങിയിരിക്കുകയാണ്.

നിങ്ങളെ ശീതള ദേവിമാരാക്കി മാറ്റുന്നതിനായി ജ്ഞാനചിതയിൽ ഇരുത്തുകയാണ്. ശീതളം എന്നതിന്റെ വിപരീതമാണ് താപം. നിങ്ങളുടെ പേരുതന്നെ ശീതളാദേവീ എന്നാണ്. ഒരാൾ മാത്രമായിരിക്കില്ലല്ലോ ഉണ്ടാവുക. ഭാരതത്തെ ശീതളമാക്കിയവർ തീർച്ചയായും ഒരുപാടുപേരുണ്ടാകും. ഈ സമയത്ത് എല്ലാവരും കാമചിതയിൽ കത്തുകയാണ്. ഇവിടെ നിങ്ങളുടെ പേര് ശീതളാദേവിമാർ എന്നാണ്. നിങ്ങൾ ശീതളമാക്കുന്നവർ തണുത്ത തുള്ളികൾ തളിക്കുന്ന ദേവിമാരാണ്. തുള്ളികൾ തളിക്കാറുണ്ടല്ലോ. ഇത് ജ്ഞാനത്തിന്റെ തുള്ളിയാണ്, ഇത് ആത്മാവിലാണ് തളിക്കുന്നത്. ആത്മാവ് പവിത്രമായി മാറുന്നതിലൂടെ ശീതളമാകുന്നു. ഈ സമയത്ത് മുഴുവൻ ലോകവും കാമചിതയിൽ ഇരുന്ന് കറുത്തുപോയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കാണ് കലശം ലഭിച്ചിരിക്കുന്നത്. കലശത്തിലൂടെ നിങ്ങൾ സ്വയം ശീതളമാകുന്നു ഒപ്പം മറ്റുള്ളവരേയും ശീതളമാക്കി മാറ്റുന്നു. ഇദ്ദേഹവും ശീതളമായില്ലേ. രണ്ടുപേരും ഒരുമിച്ചാണ്. വീട് ഉപേക്ഷിക്കേണ്ട കാര്യമില്ല. എന്നാൽ ഗോശാല ഉണ്ടാക്കുന്നതിൽ ആരെങ്കിലുമെല്ലാം വീട് ഉപേക്ഷിച്ചിട്ടുമുണ്ടാകും. എന്തിനുവേണ്ടി? ജ്ഞാനചിതയിൽ ഇരുന്ന് ശീതളമാകുന്നതിനായി. നിങ്ങൾ എപ്പോൾ ഇവിടെ ശീതളമാകുന്നുവോ അപ്പോഴേ നിങ്ങൾക്ക് ദേവതയാകാൻ സാധിക്കൂ. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയോഗം പഴയവീട്ടിലേയ്ക്ക് പോകരുത്. ബാബയുമായി നിങ്ങളുടെ ബുദ്ധി കുടുങ്ങിക്കിടക്കണം എന്തുകൊണ്ടെന്നാൽ എല്ലാവർക്കും ബാബയോടൊപ്പം വീട്ടിലേയ്ക്ക് പോകണം. ബാബ പറയുന്നു– മധുരമായ കുട്ടികളേ, ഞാൻ വഴികാട്ടിയായി നിങ്ങളെ കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. ഇത് ശിവശക്തി പാണ്ഢവ സേനയാണ്. നിങ്ങൾ ശിവനിൽ നിന്നും ശക്തി എടുക്കുന്നവരാണ്, ബാബ സർവ്വശക്തിവാനാണ്. മനുഷ്യർ കരുതുന്നത്– പരമാത്മാവിന് മരിച്ചവരെ ജീവിപ്പിക്കാൻ സാധിക്കുമെന്നാണ്. എന്നാൽ ബാബ പറയുന്നു – ഓമന സന്താനങ്ങളേ, ഈ നാടകത്തിൽ ഓരോരുത്തർക്കും അനാദിയായ പാർട്ട് ലഭിച്ചിരിക്കുന്നു. ഞാൻ ക്രിയേറ്ററും ഡയറക്ടറും പ്രിൻസിപ്പൽ ആക്ടറുമാണ്. ഡ്രാമയിലുള്ള പാർട്ടിനെ എനിക്ക് അൽപം

പോലും മാറ്റാൻ സാധിക്കില്ല. മനുഷ്യർ കരുതുന്നത് ഓരോ ഇലകൾ പോലും പരമാത്മാവിന്റെ ആജ്ഞയാലാണ് ഇളകുന്നത് എന്നാണ്. എന്നാൽ പരമാത്മാവ് സ്വയം പറയുന്നു ഞാൻ ഡ്രാമയ്ക്ക് അധീനനാണ്, ഇതിന്റെ ബന്ധനത്തിൽ ബന്ധിതനാണ്. എന്റെ ആജ്ഞ അനുസരിച്ചാണ് ഇലപോലും ഇളകുന്നത് ഇങ്ങനെയല്ല. സർവ്വവ്യാപി എന്ന ജ്ഞാനം ഭാരതവാസികളെ തീർത്തും ദരിദ്രരാക്കി മാറ്റി. ബാബയുടെ ജ്ഞാനത്തിലൂടെ ഭാരതം വീണ്ടും കിരീടധാരിയായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സൂര്യവംശത്തിൽ ആദ്യമാദ്യം വരുന്നതിനായി നിശ്ചയബുദ്ധിയായി മാറി മുഴുവൻ മാർക്കും നേടണം. പക്കാ ബ്രാഹ്മണനായി മാറണം. പരിധിയില്ലാത്ത ജ്ഞാനത്തെ സ്മൃതിയിൽ വെയ്ക്കണം.

2) ജ്ഞാനചിതയിൽ ഇരുന്ന് ശീതളം അർത്ഥം പവിത്രമായി മാറണം. ജ്ഞാനയോഗത്തിലൂടെ കാമത്തിന്റെ താപത്തെ സമാപ്തമാക്കണം. ബുദ്ധിയോഗം സദാ ഒരു ബാബയിൽ കുടുങ്ങിയിരിക്കണം.

## വരദാനം:- ബ്രാഹ്മണജീവിതത്തിൽ ശ്രേഷ്ഠസ്ഥിതിയാകുന്ന മെഡൽ പ്രാപ്തമാക്കുന്ന ദു:ഖമില്ലാത്ത രാജ്യത്തെ ചക്രവർത്തിയായി ഭവിക്കട്ടെ.

താങ്കളെല്ലാവരും തങ്ങളുടെ സ്വസ്ഥിതി ഏറ്റവും നല്ലതാക്കിവെക്കുന്നതിന് വേണ്ടിത്തന്നെയാണ് ബ്രാഹ്മണരായിട്ടുള്ളത്. ബ്രാഹ്മണജീവിതത്തിൽ ശ്രേഷ്ഠസ്ഥിതി തന്നെയാണ് താങ്കളുടെ സമ്പത്ത്. ഇത് തന്നെയാണ് ബ്രാഹ്മണജീവിതത്തിന്റെ മെഡൽ. ആര് ഈ മെഡൽ പ്രാപ്തമാക്കുന്നുവോ അവർ സദാ അചഞ്ചലവും ദൃഢവുമായി ഏകരസസ്ഥിതിയിലിരുന്ന് സദാ നിശ്ചിന്തരായി ദു:ഖമില്ലാത്ത രാജ്യത്തെ ചക്രവർത്തിയായി മാറുന്നു. അവർ സർവ്വ ഇച്ഛകളിൽ നിന്നും മുക്തരായി ഇച്ഛയെന്തെന്നുപോലും അറിയാത്ത സ്വരൂപമായി മാറുന്നു.

## സ്ലോഗൻ:- മുറിയാത്ത നിശ്ചയത്തോടെയും ഉറപ്പോടെയും പറയൂ "എന്റെ ബാബാ" എങ്കിൽ മായക്ക് സമീപത്ത് പോലും വരാൻ സാധിക്കില്ല.